(4)/2022/IND(OS)

സ.ഉ.(സാധാ) നം.240/2022/ID

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

YEARS OF CELEBRATING THE MAHATMA

<u>സംഗ്രഹം</u>.

വ്യവസായ വകുപ്പ് - വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസ്റ്റർപ്ലാൻ പ്രകാരമുള്ള പദ്ധതികളുടെ രൂപീകരണം - റിയാബിന്റെ നേതൃത്വത്തിൽ സെക്ടറൽ എക്സ്പെർട്ട് ഗ്രൂപ്പ് രൂപീകരിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയിരുന്നത് - യോഗ്യതയും ശമ്പളവും നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വ്യവസായ (എച്ച്) വകുപ്പ്

സ.ഉ.(സാധാ) നം.240/2022/ID തീയതി,തിരുവനന്തപുരം, 16-03-2022

പരാമർശം:- 1. 01.01.2022 ലെ സ.ഉ.(സാധാ) നം.1/2022/വ്യവ. ഉത്തരവ്

2. റിയാബ് സെക്രട്ടറിയുടെ 04.01.2022 ലെ നം. ADMN/I-0/2021/D-003, 20.01.2022 ലെ നം. Admn-R/I-87/21-22/D-33 നമ്പർ കത്തുകൾ

<u>ഉത്തരവ്</u>

വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസ്റ്റർപ്ലാൻ പ്രൊപ്പോസലുകളുടെ ഭാഗമായി പദ്ധതികൾ രൂപപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്ന് സമയബന്ധിതമായി അവ ലഭ്യമാക്കി സർക്കാരിനു സമർപ്പിക്കുന്നതിനുമായി റിയാബിന്റെ മേൽനോട്ട ചുമതലയിൽ 7 ചീഫ് പ്രോജക്ട് കൺസൾറ്റന്റുമാർ, 7 പ്രോജക്ട് ഓഫീസർ (ടെക്നിക്കൽ), 7 പ്രോജക്ട്ഓഫീസർ (ഫിനാൻസ്) എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സെക്ടറൽ എക്സ്പെർട്ട് ഗ്രൂപ്പ് രൂപീകരിക്കുന്നതിന് പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. സെക്ടറൽ എക്സ്പെർട്ട് ഗ്രൂപ്പിൽ നിയമിക്കപ്പെടുന്നവർക്ക് വേണ്ട യോഗ്യത സംബന്ധിച്ചും അനുവദിക്കേണ്ട ശമ്പളം സംബന്ധിച്ചുമുള്ള ഉത്തരവ് പിന്നീട് പുറപ്പെടുവിക്കുന്നതാണെന്നും പരാമർശം (1)-ലെ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു.

2. സെക്ടറൽ എക്സ്പെർട്ട് ഗ്രൂപ്പിലെ തസ്തികകളിൽ ഭേദഗതി നിർദ്ദേശങ്ങളോടൊപ്പം അവയുടെ യോഗ്യതയും ശമ്പളവും സംബന്ധിച്ച് റിയാബ് പരാമർശം (2) കത്തുകൾ പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ലെ ഉത്തരവിൽ ഭേദഗതി വരുത്തിക്കൊണ്ട് കെമിക്കൽ, ഇലക്ട്രിക്കൽ, എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ്, ടെക്സ്റ്റൈൽ, സെറാമിക്സ്, ട്രഡീഷണൽ വുഡ് & ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ എന്നീ ഏഴ് സെക്ടറുകളിലായി ചുവടെ പറയുന്ന പ്രകാരം സെക്ടറൽ എക്സ്പെർട്ട് ഗ്രൂപ്പ് രൂപീകരിച്ചുകൊണ്ട് നിയമനം നടത്തുന്നതിന് റിയാബിന് അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. സെക്ടറൽ എക്സ്പെർട്ട് ഗ്രൂപ്പിലെ തസ്തികകളുടെ നാമധേയം കൺസൾട്ടന്റ് (പ്രോജക്ട് എക്സിക്യൂട്ടീവ്), കൺസൾട്ടന്റ് (ടെക്നിക്കൽ), കൺസൾട്ടന്റ് (ഫിനാൻസ്) എന്നിങ്ങനെ ആയിരിക്കും.
2. തസ്തികകളുടെ എണ്ണം, വിദ്യാഭ്യാസ യോഗ്യത, ശമ്പളം എന്നിവ ചുവടെ പറയും പ്രകാരമായിരിക്കും.

| ക്രമ നം. | തസ്തിക | വിദ്യാഭ്യാസ യോഗ്യത | പ്രവർത്തി പരിചയം | ശമ്പളം |
|---|---|---|---|---|
| 1 | കൺസൾട്ടന്റ് (പ്രോജക്ട് എക്സിക്യൂട്ടീവ്) 7 | എഞ്ചിനിയറിംഗ് ബിരുദം. അംഗീകൃത സ്ഥാപനത്തിൽനിന്നുള്ള | 15 വർഷം. ഇതിൽ 5 വർഷം പ്രോജക്ട് പ്ലാനിംഗ് & എക്സിക്യൂഷൻ, പ്ലാനിംഗ്/ | 1,00,000/-(ഒരു ലക്ഷം രൂപ) |

സ.ഉ.(സാധാ) നം.240/2022/ID

| | | | | |
|---|---|---|---|---|
| | എണ്ണം | ബിസിനസ് മാനേജ്മെന്റ്/ പ്രോജക്ട് മാനേജ്മെന്റ്/ കൺസ്ട്രക്ഷൻ മാനേജ്മെന്റ് (എംബി.എ/ പി.ജി.ഡി.എം) എന്നിവയിലെ ബിരുദാനന്തര ബിരുദം അഭികാമ്യം. | മോണിറ്ററിംഗ്/ പ്രോജക്ട് പ്രൊക്യൂർമെന്റ്/ കൺസ്ട്രക്ഷൻ/ കമ്മീഷനിംഗ് എന്നീ മേഖലകളിലെ പരിചയം. MS Projects/ Primavera എന്നീ പ്രോജക്ട് മാനേജ്മെന്റ് സോഫ്റ്റ് വെയറുകളിലെ പരിജ്ഞാനം. | |
| 2 | കൺസൾട്ടന്റ് (ടെക്നിക്കൽ) 7 എണ്ണം | 1)മാനുഫാക്ചറിംഗ്/ എഞ്ചിനീയറിംഗ് സെക്ടർ: എഞ്ചിനിയറിംഗ് ബിരുദം. അംഗീകൃത സ്ഥാപനത്തിൽനിന്നുള്ള മാനേജ്മെന്റ് (എംബി.എ/ പി.ജി.ഡി.എം) യിലെ ബിരുദാനന്തര ബിരുദം അഭികാമ്യം.<br><br>2)ട്രഡീഷണൽ, വെൽഫെയർ ആന്റ് ഡെവലപ്മെന്റ് & ഇൻഫ്രാസ്ട്രക്ചർ സെക്ടർ: ഡെവലപ്മെന്റ് എകണോമിക്സ്/ മാനേജ്മെന്റ് (എംബി.എ/ പി.ജി.ഡി.എം) എന്നിവയിൽ ബിരുദാനന്തര ബിരുദം | മാനുഫാക്ചറിംഗ്/ എഞ്ചിനീയറ് സെക്ടർ: ബന്ധപ്പെട്ട മേഖലകളിൽ പ്രോജക്ട്, ഓപ്പറേഷൻ എന്നീ തലങ്ങളിൽ 10 വർഷത്തെ പ്രവർത്തി പരിചയം<br><br>ട്രഡീഷണൽ, വെൽഫെയർ ആന്റ് ഡെവലപ്മെന്റ് & ഇൻഫ്രാസ്ട്രക്ചർ സെക്ടർ: ഈ മേഖലയിൽ 10 വർഷമോ അതിൽ കൂടുതലോ ഓപ്പറേഷൻസ് മാനേജ്മെന്റിലെ പ്രവർത്തിപരിചയം. | 75,000/-(എഴുപത്തി അയ്യായിരം രൂപ) |
| 3 | കൺസൾട്ടന്റ് (ഫിനാൻസ്) 4 എണ്ണം | അംഗീകൃത യൂണിവേഴ്സിറ്റി/ സ്ഥാപനത്തിൽനിന്നുള്ള എ.സി.എ/ എ.ഐ.സി.ഡബ്ല്യു.എ./ ബി.കോം & എം.ബി.എ.(ഫിനാൻസ്) / പി.ജി.ഡി.എം (ഫിനാൻസ്) | പ്രോജക്ട് ഫിനാൻസ്/ കോർപ്പറേറ്റ് ഫിനാൻസ് എന്നീ മേഘലകളിൽ 10 വർഷത്തെ പ്രവർത്തി പരിചയം | 75,000/-(എഴുപത്തി അയ്യായിരം രൂപ) |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അശോകൻ കെ

അഡിഷണൽ സെക്രട്ടറി

ചെയർമാൻ / സെക്രട്ടറി, റിയാബ്, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ) കേരള, തിരുവനന്തപുരം

ഡയറക്ടർ, ഇൻഡസ്ട്രീസ് & കൊമേഴ്സ്, തിരുവനന്തപുരം

വ്യവസായ (ബി/സി/ഡി/ഇ/എഫ്/ജി/ജെ/കെ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by AJITHKUMAR A
Date: 16-03-2022 17:29:14

സെക്ഷൻ ഓഫീസർ